മെഗാ ഖാദി മേളകൾ സംഘടിപ്പിച്ചു. ടി മേളകളിലും ഖാദി ഉല്പന്നങ്ങൾക്ക് കൂടുതൽ ജനശ്രദ്ധ ലഭിക്കുന്നതിനും അതുവഴി വില്പന വർദ്ധിപ്പിക്കുന്നതിനും ബോർഡിന് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ഖാദി കൈത്തറി പ്രചരണത്തിന്റെ ഭാഗമായി ഹാന്റ്ലൂം ഡയറക്ടറേറ്റിനു കീഴിൽ വിവിധ ഖാദി-കൈത്തറി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വിവിധ ഖാദി പ്രചരണ പരിപാടികളുടെ ഫലമായി ഖാദി മേഖലയിൽ ഗണ്യമായ ഉല്പാദന-വിപണന വർദ്ധനവ് നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് റിബേറ്റ്

183 (2213) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 2009, 2010 വർഷങ്ങളിലെ വില്പനയ്ക്ക് സർക്കാർ നിശ്ചയിച്ച റിബേറ്റ് തുക നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിക്കുന്ന റിബേറ്റ് ഏകപക്ഷീയമായി തടയുന്നത് പ്രതിസന്ധിയിലായ കൈത്തറി സംഘങ്ങൾക്ക് കനത്ത തിരിച്ചടിയായിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് കൈത്തറി സംഘങ്ങളുടെ കൊല്ലം ജില്ലാ അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് പരിഗണിക്കാൻ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ കൈത്തറി നെയ്ത്ത് സംഘങ്ങളിൽ 2009-10 വർഷത്തിലെ റിഷു, ഓണം പിരീഡുകളിലായി 24 പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് 5,34,679 രൂപയും, പ്രസ്തുത വർഷത്തിൽ ഓണം സീസണിന് മാത്രമായി 13 പ്രാഥമിക സംഘങ്ങൾക്ക് 2,37,977 രൂപയും റിബേറ്റായി അനുവദിച്ചിട്ടുണ്ട്. ആകെ ലഭിച്ച 28 അപേക്ഷകളിൽ 5 എണ്ണം മാത്രമാണ് അർഹമായിട്ടുള്ളത്. ഇവ കൈത്തറി ഡയറക്ടറുടെ പരിഗണനയിലാണ്. അവശേഷിക്കുന്ന 23 അപേക്ഷകൾ, വിറ്റുവരവ് തുക സി.സി. അക്കൗണ്ടിൽ അടച്ചിരിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരോട് വിശദീകരണം ആരാഞ്ഞിരുന്നു. ആയത് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളും കൈത്തറി ഡയറക്ടറുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസ്ഥകൾ പാലിച്ചുകൊണ്ട് റിബേറ്റ് വില്പന നടത്തിയതാവിധി സമർപ്പിച്ച അപേക്ഷകളിൽ മറ്റ് അപാകതകൾ ഒന്നുമില്ലെങ്കിൽ റിബേറ്റ് അനുദവിച്ചുനൽകാറുണ്ട്. 2002-03 മുതൽ 2008-09 വരെ കുടിശ്ശികയുണ്ടായിരുന്ന റിബേറ്റ് തുക 2009 മാർച്ച് മാസത്തിൽ വിതരണം ചെയ്തു കഴിഞ്ഞു. ഇത് സംബന്ധിച്ച് കൊല്ലം ജില്ലാ കൈത്തറി അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

കുടിശ്ശികയുള്ള റിബേറ്റ് തുക സംഘങ്ങൾക്ക് അനുവദിച്ചുകഴിഞ്ഞു. അതുകൊണ്ട് അവയുടെ പ്രവർത്തനമൂലധനം സംബന്ധിച്ച ആവശ്യം പരിഹരിക്കപ്പെട്ടുകഴിഞ്ഞതിനാൽ പ്രതിസന്ധിയില്ലാതെ അവ പ്രവർത്തിച്ചുവരുന്നു.

പട്ടുനൂൽ വ്യവസായം

184 (2214) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടുനൂൽ വ്യവസായം സംരക്ഷിക്കുന്നതിനും ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പട്ടുനൂൽ വ്യവസായത്തിന്റെ പ്രവർത്തനത്തിനും സംരക്ഷണത്തിനും വേണ്ടി നടപ്പുസാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	പദ്ധതി	തുക ലക്ഷത്തിൽ
(1)	(2)	(3)
1.	സപ്പോർട്ട് ഫോർ എക്സ്റ്റൻഷൻ ആന്റ് പബ്ലിസിറ്റി	15.00
2.	മാനേജ്മെന്റ് ഓഫ് എക്സിസ്റ്റിംഗ് സിൽക്ക് റീലിംഗ് യൂണിറ്റ്	75.0
3.	ഫോർമേഷൻ ഓഫ് ഡോർ റ്റു ഡോർ ഡിസ്ഇൻഫക്ഷൻ സ്കോഡ്	7.50
4.	മെക്കനൈസേഷൻ ഓഫ് എക്സിസ്റ്റിംഗ് മൾബറി ഗാർഡൻ	18.75

LIBRARY ARCHIVES Kerala Legislative Assembly